LIBRARY ARCHIVES Kerala Legislative Assembly

ജൈവ വൈപ്പിൻ പദ്ധതി

132 (1501) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജൈവ വൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തികളും പ്രത്യേകമായി ടെണ്ടർ ചെയ്യുന്നതിനും പ്രവൃത്തി നടപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) നബാർഡിന്റെ ആർ.ഐ.ഡി.എഫ് XX-ൽ ഉൾപ്പെടുത്തി കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന 10 പ്രവൃത്തികളിൽ 9 എണ്ണം ഇ-ടെണ്ടർ ചെയ്തുകഴിഞ്ഞു. ബാക്കി ഒരെണ്ണം 36.91 കോടി രൂപയുടേതായതിനാൽ പ്രസ്തുത പ്രവൃത്തി വിവിധ പാർട്ടുകളായി തിരിച്ച് മാത്രമേ ടെണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

133 (1502) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉൽപ്പാദക ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകാനുള്ള അധികാരം ആർക്കാണെന്ന് അറിയിക്കുമോ ;

(സി) ഏതു ഫെഡറേഷനുകൾക്ക് സർക്കാർ ലൈസൻസ് നൽകിയിട്ടുണ്ടെന്നും അവയിൽ ഏതു എണ്ണം റദ്ദ് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ; കാരണം വിശദമാക്കുമോ ;

(ഡി) നീര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉൽപ്പാദക ഫെഡറേഷനുകൾക്ക് നീര ഉൽപ്പാദനത്തിനുവേണ്ടി തെങ്ങ് ചെത്തുന്നതിനുള്ള ലൈസൻസ് നൽകുന്നത് ജില്ലാ തലത്തിലുള്ള ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറാണ്.

(സി) സംസ്ഥാനത്ത് നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള 173 നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളതിൽ 168 എണ്ണത്തിനാണ് ലൈസൻസ് നൽകിയിട്ടുള്ളതായി എക്സൈസ് കമ്മീഷണർ അറിയിച്ചിരിക്കുന്നത്.

(ഡി) നീര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിഷം കലർന്ന പച്ചക്കറി ഇറക്കുമതി തടയാൻ നടപടി

134 (1503) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തമിഴ്നാട്ടിൽനിന്നും വരുന്ന വിഷംതീണ്ടിയ പച്ചക്കറികളും പഴവർഗ്ഗങ്ങളും കഴിച്ച് കേരളീയർ അർബുദം തുടങ്ങിയ മാരക രോഗങ്ങൾക്ക് അടിമപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുന്നതിനായി കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ;

(സി) ഓരോ വീട്ടിലും ജൈവവള പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തും വളവും കൃഷി ഓഫീസുകൾ മുഖേന സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കീടനാശിനികളുടെയും മറ്റു രാസവസ്തുക്കളുടെയും അമിതമായ ഉപയോഗം തടയുന്നതിന് സംയോജിത കീടരോഗ പരിപാലനത്തെക്കുറിച്ച് കർഷകർക്ക് ബോധവത്കരണം വിവിധ ട്രെയിനിംഗ് മുഖേന നൽകുന്നുണ്ട്. ജൈവകൃഷിയുടെ

LIBRARY ARCHIVES Kerala Legislative Assembly